ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പ് മൂന്നാംഘട്ട വിജ്ഞാപനം നാളെ.
   **Notification for third phase of Lok Sabha elections to be issued tomorrow.**

2. കേരളത്തിൽ തെരഞ്ഞടുപ്പു പ്രചാരണം സജീവം ; പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 15ന് തിരുവനന്തപുരത്ത്. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ആറ്റിങ്ങലിൽ പര്യടനം നടത്തി.
   **Election campaign is active in Kerala; Prime Minister Narendra Modi in Thiruvananthapuram on 15th of this month. Chief Minister Pinarayi Vijayan toured Attingal today.**

3. ഹരിയാനയിലെ മഹേന്ദ്രഗഢിൽ സ്കൂൾ ബസ് അപകടത്തിൽ എട്ട് കുട്ടികൾ മരിച്ചു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി.
   **Eight children died in a school bus accident in Haryana's Mahendragarh. President Draupadi Murmu and Prime Minister Narendra Modi condoled the incident.**

4. ജമ്മുകശ്മീരിലെ, പുൽവാമയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു ഭീകരൻ കൊല്ലപ്പെട്ടു.
   **A terrorist was killed in an encounter with security forces in Jammu and Kashmir's Pulwama.**

5. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, റോയൽ ചലഞ്ചേഴ്സ് ബാംഗളൂർ പോരാട്ടം..

**Mumbai Indians vs Royal Challengers Bangalore match in IPL Cricket today.**

**&&&&&&&&&&&&&&&**

# HEADLINE-1

# ELECTION THIRD PHASE

മൂന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. 10 സംസ്ഥാനങ്ങളിലെയും, 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 94 സീറ്റുകളിലാണ് മൂന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഗുജറാത്തിലെ 26 ഉം, കർണാടകയിലെ 14 ഉം, മഹാരാഷ്ട്രയിലെ 11 ഉം, യുപിയിലെ 10 ഉം സീറ്റുകളിൽ മൂന്നാംഘട്ടത്തിലാണ് വോട്ടെടുപ്പ് നടക്കുന്നത്. മധ്യപ്രദേശിലെ 8, ഛത്തീസ്ഗഡിലെ 7, ബിഹാറിലെ 5, അസമിലെയും പശ്ചിമബംഗാളിലെയും 4 വീതം സീറ്റുകൾ, ഗോവയിലെ 2 മണ്ഡലങ്ങൾ എന്നിവിടങ്ങളിലും ഈ ഘട്ടത്തിലാണ് തിരഞ്ഞെടുപ്പ്. ദാദ്ര നഗർഹവേലി- ദാമൻ ദിയു, ജമ്മുകശ്മീർ എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലെ ഓരോ സീറ്റുകളിലും മൂന്നാംഘട്ടത്തിലാണ് തിരഞ്ഞെടുപ്പ്. നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാൻ ഈ മാസം 19 വരെയാണ് സമയം. മെയ് 7 നാണ് മൂന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്നത്. സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവച്ച മധ്യപ്രദേശിലെ ബേതുൽ മണ്ഡലത്തിലെ പുതുക്കിയ വിജ്ഞാപനവും നാളെ പുറപ്പെടുവിക്കും.

****************************************

## ELECTION CAMPAIGN (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾക്കായുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി തുടരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ വിവിധ സംസ്ഥാനങ്ങളിൽ പൊതുയോഗങ്ങളിലും റോഡ് ഷോകളിലും പങ്കെടുക്കുകയാണ്.

വിശദാംശങ്ങളിലേക്ക്.....

(വോയിസ്)

*പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി രാജസ്ഥാനിലെ കരൗലിയിലും, ഉത്തരാഖണ്ഡിലെ റിഷികേശിലും എൻ.ഡി.എ പ്രചാരണ റാലികളെ അഭിസംബോധന ചെയ്തു . ആധുനിക റൈഫിളുകൾ മുതൽ യുദ്ധവിമാനങ്ങൾ വരെ രാജ്യം ഇന്ന് നിർമ്മിക്കുന്നുണ്ടെന്ന് അദ്ദേഹം ഋഷികേശിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും രാജസ്ഥാനിൽ രണ്ട് പൊതുയോഗങ്ങളിൽ പങ്കെടുത്തു. ബിക്കാനിർ, ജോധ്പുർ മണ്ഡലങ്ങളിലെ പ്രചാരണ യോഗങ്ങളെയാണ് അദ്ദേഹം അഭിസംബോധന ചെയ്തത്. രാജസ്ഥാനിലെ അനൂപ്ഗഢിൽ നടന്ന പൊതുസമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു. മുതിർന്ന ബിജെപി നേതാവ് അമിത്ഷാ മധ്യപ്രദേശിലെ മാണ്ഡ്ന, കട്നി എന്നിവിടങ്ങളിൽ പൊതുസമ്മേളനങ്ങളെ അഭിസംബോധന ചെയ്തു. സിക്കിമിൽ ബിജെപി ദേശീയ അധ്യക്ഷൻ ജെപി നദ്ദയും മധ്യപ്രദേശിൽ മുതിർന്ന ബിജെപി നേതാവും രാജ്യരക്ഷാമന്ത്രിയുമായ രാജ്നാഥ് സിങ്ങും ജമ്മുവിലെ ഉദ്ദംപൂരിൽ ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ ജിതേന്ദ്ര*

സിങ്ങും പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മധ്യപ്രദേശിലെ ആറു സീറ്റുകളിലും ഉത്തരാഖണ്ഡിലും രാജസ്ഥാനിലെ 12 ലോക്സഭാമണ്ഡലങ്ങളിലും ഒന്നാം ഘട്ടമാണ് വോട്ടെടുപ്പ് . രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ വോട്ടെടുപ്പ് ഈ മാസം 26 ന് നടക്കും. അതിനിടെ ബിജെപി ഇന്ന് ഒരു സ്ഥാനാർത്ഥിയെക്കൂടി പ്രഖ്യാപിച്ചു. ഡോ . വിനോദ് കുമാർ ബിന്ദിൻറെ പേരാണ് ഉത്തർപ്രദേശിലെ ഭദോഹി സീറ്റിലേക്ക് പ്രഖ്യാപിച്ചത് ഗുജറാത്തിലെ മുൻ കോൺഗ്രസ് നേതാവ് രോഹൻ ഗുപ്ത, മുൻ കോൺഗ്രസ് യുവനേതാവ് ജഹാൻസായിബ് ശിർവാൾ, മുൻ ഐ എ എസ് ഉദ്യോഗസ്ഥൻ, പരംപാൽ സിങ് കൗർ, ഭർത്താവ് ഗുർപ്രീത് സിങ് മാലുക എന്നിവർ ബിജെപി യിൽ ചേർന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

******************************************

## HEADLINE-2
## ELECTION KERALA

തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായതോടെ കേരളത്തിൽ മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ കൂടുതൽ ശക്തിയാർജ്ജിച്ചു. പൊതുയോഗങ്ങളും റോഡ് ഷോകളും, പ്രകടനങ്ങളുമായി പ്രചാരണരംഗം ഇന്ന് വീണ്ടും സജീവമായി. തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ ലോക്സഭാ മണ്ഡലമായ ആറ്റിങ്ങലിൽ നടന്ന പ്രചാരണ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു. ഇന്ന് നടന്ന NDA കോഴിക്കോട് മണ്ഡലം മഹിളാസംഗമം കേന്ദ്രമന്ത്രി മീനാക്ഷിലേഖി ഉദ്ഘാടനം ചെയ്തു.അതേസമയം തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഈ

മാസം 15ന് തിരുവനന്തപുരത്ത് എത്തും. കാട്ടാക്കട ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും.സംസ്ഥാനത്ത് സുതാര്യവും സുരക്ഷിതവുമായ തെരഞ്ഞെടുപ്പ് ക്രമീകരണങ്ങളുടെ ഭാഗമായി തത്സമയ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

****************************************

## HEADLINE-3

## HARYANA ACCIDENT-PRESIDENT

ഹരിയാനയിലെ മഹേന്ദ്രഗഡ് ജില്ലയിൽ സ്കൂൾ ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ എട്ട് കുട്ടികൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. ഉൻഹാനി ഗ്രാമത്തിന് സമീപമാണ് അപകടമുണ്ടായത്. സംഭവത്തിൽ സ്കൂൾ ബസിന്റെ ഡ്രൈവറെ അറസ്റ്റ് ചെയ്തതായി പൊലീസ് അറിയിച്ചു. ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അഗാധമായ ദുഃഖം രേഖപ്പെടുത്തി.

****************************************

## BALOCHISTAN-ACCIDENT

തെക്കുപടിഞ്ഞാറൻ പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിലുണ്ടായ വാഹനാപകടത്തിൽ 17 പേർ മരിച്ചു. 38 പേർക്ക് പരിക്കേറ്റു. ഷാ നൂറാനി സൂഫി ദേവാലയത്തിലേക്ക് തീർത്ഥാടകരുമായി പോയ ട്രക്ക് തോട്ടിലേക്ക് മറിഞ്ഞാണ് അപകടമുണ്ടായത്.

****************************************

**HEADLINE-4**

## REV. PULWAMA-ENCOUNTER

ജമ്മു കശ്മീരിലെ പുൽവാമ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു ഭീകരൻ കൊല്ലപ്പെട്ടു. പ്രദേശത്ത് ഭീകരരുടെ സാന്നിധ്യമുണ്ടെന്ന വിവരത്തിൻറെ അടിസ്ഥാനത്തിൽ സംയുക്ത സേന തിരച്ചിൽ നടത്തുന്നതിനിടെ ഭീകരർ വെടി ഉതിർക്കുകയായിരുന്നു. പോലീസ്, കരസേന, സിആർപിഎഫ് സംയുക്ത സംഘം ഉടൻതന്നെ ഇതിനെ പ്രതിരോധിച്ചു.സംഭവ സ്ഥലത്ത് നിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും ഉൾപ്പെടെയുള്ള വസ്തുക്കൾ കണ്ടെടുത്തതായി പോലീസ് പറഞ്ഞു.മേഖലയിൽ ഏറ്റുമുട്ടൽ തുടരുകയാണ്.

******************************************

## J&K-TERRORIST

നിരോധിത ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബയുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയ മൂന്ന് പേരെ കശ്മീരിലെ ബാരാമുള്ളയിൽ പോലീസ് അറസ്റ്റ് ചെയ്തു. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസും സുരക്ഷാസേനയും നടത്തിയ അന്വേഷണത്തിലായിരുന്നു അറസ്റ്റ്.ഇവരുടെ പക്കൽ നിന്ന് 3 ഗ്രനേഡുകളും കണ്ടെടുത്തു.

******************************************

## CBI - K KAVITHA

ഡൽഹി മദ്യ നയ അഴിമതിയുമായി ബന്ധപ്പെട്ട് ബിആർഎസ് നേതാവ് കെ കവിതയെ സിബിഐ അറസ്റ്റ് ചെയ്തു. ഡൽഹി മദ്യ നയക്കേസിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തതിനെ തുടർന്ന് തിഹാർ ജയിലിൽ കഴിയുന്ന കെ കവിതയെ ഏജൻസി അടുത്തിടെ ചോദ്യം

ചെയ്തിരുന്നു. കേസിൽ മാർച്ച് 15നാണ് കെ കവിതയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്.

*****************************************

## INTERNATIONAL COURT-GAZA

ഗാസയിലെ പലസ്തിനിയൻ ജനങ്ങൾക്കു കൃത്യമായ ഭക്ഷണം ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ഇസ്രയേലിനോട് അന്താരാഷ്ട്ര നീതിന്യായ കോടതി. ഗാസയിലെ പലസ്തിനിയാൻ ജനവിഭാഗത്തിൻറെ ജീവിതം ദാരിദ്ര്യത്താലും പട്ടിണിയിലും ദുരിതപൂർണമാണെന്ന് കോടതി പറഞ്ഞു. ഗാസയിലുടനീളം പലസ്തിൻ ജനതയ്ക്കു ഭക്ഷണം, ജലം, വൈദ്യുതി, മരുന്നുകൾ, ചികിത്സാസൗകര്യം ഉൾപ്പെടെയുള്ള മാനുഷിക സഹായം തടസമില്ലാതെ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളാനും ഇസ്രയേലിനോട് കോടതി ഉത്തരവിൽ നിർദേശിച്ചു.

*****************************************

## PM-CHINA

ഇന്ത്യ-ചൈന അതിർത്തിയിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും ചൈനയും തമ്മിലുള്ള സുസ്ഥിരവും സമാധാനപരവുമായ ബന്ധം ഇരു രാജ്യങ്ങൾക്കും മാത്രമല്ല, ലോകത്തിനൊന്നാക പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. ഒരു അമേരിക്കൻ മാസികയ്ക്ക് നൽകിയ അഭിമുഖത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. നയതന്ത്ര, സൈനിക തലങ്ങളിലെ ക്രിയാത്മകമായ ഉഭയകക്ഷി ഇടപെടലിലൂടെ അതിർത്തി മേഖലകളിൽ ശാന്തിയും, സമാധാനവും പുനഃസ്ഥാപിക്കാനും നിലനിർത്താനും ഇരു രാജ്യങ്ങൾക്കും

കഴിയുമെന്ന് ശ്രീ മോദി പ്രത്യാശ പ്രകടിപ്പിച്ചു. ഇന്ത്യയിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പുകളിൽ, വോട്ടർമാരുടെ പങ്കാളിത്തം വർധിക്കുന്നത്, ജനാധിപത്യത്തിലുള്ള ജനങ്ങളുടെ വിശ്വാസത്തിൻറെ സാക്ഷ്യപത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി. 970 ദശലക്ഷത്തിലധികം വോട്ടർമാർ 2024-ലെ പൊതു തിരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു.

****************************************

## HEADLINE-5
## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ടോസ് നേടിയ മുംബൈ ഇന്ത്യൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ബാറ്റിങ്ങിന് അയച്ചു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്. നിലവിൽ പോയിൻറ് പട്ടികയിൽ എട്ട്, ഒൻപത് സ്ഥാനങ്ങളിലാണ് മുംബൈയും ബംഗളുരുവും.

****************************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ബംഗളൂരു എഫ് സി, മോഹൻ ബഗാനെ നേരിടുന്നു. ബംഗലൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.

****************************************

## MONTE CARLO MASTERS

ഫ്രാൻസിൽ നടക്കുന്ന മോണ്ടെ കാർലോ മാസ്റ്റേഴ്സ് ടൂർണമെന്റിൽ നിന്നും ഇൻഡോ- ഓസ്ട്രേലിയൻ സഖ്യം രോഹൻ ബൊപ്പണ്ണയും മാത്യു എബ്ഡനും പുറത്ത്. പുരുഷ

ഡബിൾസിന്റെ 16 ആം റൗണ്ടിൽ ക്രോയേഷ്യ - എൽ സാൽവദോർ സഖ്യത്തോടാണ് ഇവർ പരാജയപ്പെട്ടത്. സ്കോർ 3-6, 6-7, 6-8.

****************************************

## REV. EID-UL FITR

റംസാൻ വ്രതാനുഷ്ഠാനത്തിൻറെ സമാപനം കുറിച്ചുകൊണ്ട് രാജ്യത്തുടനീളം വിശ്വാസികൾ ഇന്ന് ഈദുൽ ഫിത്തർ ആഘോഷിച്ചു. ഈദ്ഗാഹുകളിലും പള്ളികളിലും നടന്ന പെരുന്നാൾ നമസ്കാരത്തിൽ വിശ്വാസികൾ സജീവമായി പങ്കെടുത്തു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ഈദുൽ ഫിത്തർ ദിനത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു.ഡൽഹിയിൽ ജുമാ മസ്ജിദ്, ഫത്തേപുരി മസ്ജിദ്, ഷാഹി ഈദ്ഗാഹ് എന്നിവിടങ്ങളിൽ നടന്ന ചടങ്ങുകളിൽ നിരവധി വിശ്വാസികളാണ് പങ്കെടുത്തത്. കേരളത്തിലും ജമ്മു കശ്മീരിലും ലക്ഷദ്വീപിലെ കൽപ്പേനി ദ്വീപിലും ഇന്നലെയായിരുന്നു ചെറിയ പെരുന്നാൾ.

****************************************

## K BABU

തൃപ്പൂണിത്തുറ എം എൽ എ കെ. ബാബുവിന്റെ തിരഞ്ഞെടുപ്പ് വിജയം റദ്ദാക്കണമെന്ന എതിർസ്ഥാനാർത്ഥി എം. സ്വരാജിൻറെ ഹർജി ഹൈക്കോടതി തള്ളി. 2021 നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥിയായിരുന്ന കെ ബാബു മതചിഹ്നം ഉപയോഗിച്ച് വോട്ട് തേടി എന്നായിരുന്നു എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിൻറെ ആരോപണം. ആരോപണത്തെ സാധൂകരിക്കുന്ന

സാക്ഷിമൊഴികളില്ലെന്ന് വ്യക്തമാക്കിക്കൊണ്ടാണ് കോടതി ഹർജി തള്ളിയത്.

****************************************

## KERALA HIGHCOURT

സംസ്ഥാനത്ത് വിഷു ചന്തകൾ തുടങ്ങാൻ കൺസ്യൂമർഫെഡിന് ഹൈക്കോടതി അനുമതി നൽകി. ലോക്സഭ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സാഹചര്യത്തിൽ, വോട്ടർമാരെ സ്വാധീനിക്കാൻ ഇടയുള്ളതിനാൽ, തെരഞ്ഞെടുപ്പ് കഴിയുംവരെ റംസാൻ - വിഷു ചന്തകൾ തുറക്കാനുള്ള നീക്കം തടഞ്ഞ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശത്തിനെതിരെ കൺസ്യൂമർഫെഡ് നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്. ഏതെങ്കിലും രാഷ്ട്രീയ നേട്ടത്തിന് ചന്തകളെ ഉപയോഗിക്കരുതെന്നും ഇത് സംബന്ധിച്ച പരസ്യങ്ങൾ പാടില്ലെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

****************************************

## MIZORAM-ZMC

ആയുഷ്മാൻ ഭാരതിനു കീഴിലുള്ള ആരോഗ്യരക്ഷാ സംവിധാനം മിസോറാമിൽ കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ടെന്ന് മുതിർന്ന ബിജെപി നേതാവും വിദേശകാര്യ മന്ത്രിയുമായ എസ് ജയ്ശങ്കർ. ഈ മാസം 19 നു വോട്ടെടുപ്പ് നടക്കുന്ന മിസോറാമിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദർശന രേഖ പുറത്തിറക്കുകയായിരുന്നു അദ്ദേഹം.

****************************************

## HC – SANDESHKHALI

സന്ദേശ്ഖാലി അതിക്രമങ്ങളിൽ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ട് കൽക്കട്ട ഹൈക്കോടതി. സസ്പെൻഷനിലായ തൃണമൂൽ നേതാവ് ഷാജഹാൻ ഷെയ്ഖിനും കൂട്ടാളികൾക്കുമെതിരെയുള്ള അന്വേഷണത്തിനാണ് കോടതി നിർദ്ദേശം നൽകിയത്. ഭൂമി കയ്യേറ്റം, ലൈംഗികാതിക്രമം തുടങ്ങിയ ആരോപണങ്ങളാണ് ഇവർക്കെതിരെ ഉയർന്നിട്ടുള്ളത്. കോടതി മേൽനോട്ടത്തിലാവും അന്വേഷണം. സന്ദേശ്ഖാലി സംഭവങ്ങളിലെ അന്വേഷണത്തിന് പശ്ചിമ ബംഗാൾ സർക്കാർ സിബിഐക്ക് മതിയായ പിന്തുണ നൽകണമെന്നും കോടതി പറഞ്ഞു.

*****************************************

## CENTRE PULSES

പരിപ്പിന്റെയും പയർവർഗ്ഗങ്ങളുടെയും പ്രതിവാര സ്റ്റോക്ക് പരിശോധിക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. തുറമുഖങ്ങളിലെ സംഭരണ കേന്ദ്രങ്ങളിലും, വിതരണക്കാരുടെ ഗോഡൗണുകളിലും പരിശോധന നടത്തണം. സ്റ്റോക്ക് വെളിപ്പെടുത്തൽ പോർട്ടലിൽ തെറ്റായ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതായി കണ്ടെത്തിയവർക്കെതിരെ കർശന നടപടിയെടുക്കാനും നിർദ്ദേശമുണ്ട്. പൂഴ്ത്തിവെപ്പും വിപണി കൃത്രിമവും തടയുന്നതിന് പയറുവർഗങ്ങളുടെ സ്റ്റോക്ക് പൊസിഷനിലും വിലനിലവാരത്തിലും കൂടുതൽ ജാഗ്രത പുലർത്തണമെന്നും ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ഉന്നതതല യോഗം വിലയിരുത്തി.

*

***************

*********************************************